കമ്മീഷനിൽ റിസർവേഷന് ബാധകമായിട്ടുള്ള അതേ ശതമാനം തന്നെയാണ്. മേൽപ്പറഞ്ഞ പ്രകാരം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമനങ്ങൾ നടത്തുമ്പോൾ എല്ലാ വിഭാഗക്കാരെയും നിയമിക്കാൻ വ്യവസ്ഥയുള്ളതിനാൽ ഇതിനായി പ്രത്യേക നിയമനിർമ്മാണം ആവശ്യമുള്ളതായി കാണുന്നില്ല (ബഹളം).. പാരമ്പര്യ അവകാശം ഇല്ലാത്ത എല്ലാ സ്ഥലത്തും ഇത് ബാധകമാണ്.

7. നഴ്സുമാർ നേരിടുന്ന ബുദ്ധിമുട്ട്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, നഴ്സുമാരുടെ എമിഗ്രേഷൻ ക്ലിയറൻസുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. ഇത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഓരോ വർഷവും കേരളത്തിൽനിന്ന് ഇരുപത്തി അയ്യായിരം നഴ്സുമാരെങ്കിലും വിദേശത്ത് പോയി തൊഴിൽ ചെയ്ത് കുടുംബം പുലർത്തുകയും നാട്ടിലേയ്ക്ക് പണമയയ്ക്കുകയും ചെയ്യുവരികയാണ്. കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയ എമിഗ്രേഷൻ വിലക്ക് ഇപ്പോൾ ആ മേഖലയിൽ പണിയെടുക്കാൻ വിദേശത്ത് പോകാൻ കഴിയാത്തൊരവസ്ഥ ഉണ്ടാക്കിയിരിക്കുകയാണ്. ഇന്ന് മംഗളം പത്രം ഇതിനെക്കുറിച്ച് മുഖപ്രസംഗം എഴുതിയിട്ടുണ്ട്. മറ്റ് പല പത്രങ്ങളും ഈ കാര്യം റിപ്പോർട്ട് ചെയ്തിരുന്നു. 25,000 രൂപ ഇന്ത്യൻ എംബസിയിൽ കെട്ടിവച്ചാൽ മാത്രമേ എമിഗ്രേഷൻ ക്ലിയറൻസ് കൊടുക്കുകയുള്ളൂ. ഫിലിപ്പൈൻസ്, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ നിന്നൊക്കെ നഴ്സുമാരെ കിട്ടുന്ന സാഹചര്യത്തിൽ ഇന്ത്യയിൽനിന്ന് നഴ്സുമാരെ കൊണ്ടുപോകണമെന്ന് അവർക്ക് യാതൊരു നിർബന്ധവുമില്ല. അനാവശ്യമായിട്ടൊരു വ്യവസ്ഥയുണ്ടാക്കി നഴ്സുമാരുടെ തൊഴിൽ സാധ്യത ഇല്ലാതാക്കുന്നതിനെതിരായി വലിയ പ്രതിഷേധം ഉയർന്നുവന്നിട്ടുണ്ട്. കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ 9 നഴ്സുമാർക്ക് മാത്രമാണ് ക്ലിയറൻസ് ലഭിച്ചത്. അതുകൊണ്ട് ഇതൊരു പ്രധാനപ്പെട്ട പ്രശ്നമായി കണക്കാക്കണം. കോട്ടയം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തിരുവനന്തപുരം തുടങ്ങിയ തെക്കൻ ജില്ലകളിൽ എമിഗ്രേഷൻ ക്ലിയറൻസ് കിട്ടാത്ത ആയിരക്കണക്കിന് നഴ്സുമാർ ക്ലിയറൻസിനായി കാത്തിരിക്കുകയാണ്. പത്താംക്ലാസ് പാസ്സായവർക്ക് എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമില്ല. പക്ഷെ, പ്ലസ് ടു-ഉം ഡിഗ്രിയുമൊക്കെയുള്ള നഴ്സിംഗ് പാസ്സായിട്ടുള്ളവർക്ക് എമിഗ്രേഷൻ ക്ലിയറൻസ് കൊടുക്കാതിരിക്കുന്നത് നീതിനിഷേധമാണ്. സംസ്ഥാന ഗവൺമെന്റ് അതിശക്തമായി ഇക്കാര്യത്തിൽ ഇടപെടണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വളരെ ശരിയാണ്. സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന വിദേശ രാജ്യങ്ങളിലേയ്ക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിൽ വ്യാപകമായ ചൂഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയ

ഒരു നിയന്ത്രണമാണിത്. ഇവിടെനിന്ന് പോകുന്ന നഴ്സുമാർക്ക് അത് വളരെയേറെ ബുദ്ധിമുട്ടുകളുണ്ടാക്കിയിട്ടുണ്ട്. 18 ECR രാജ്യങ്ങളിലേയ്ക്കുള്ള നഴ്സുമാരുടെ നിയമനത്തിന് 30-4-2015 മുതൽ എമിഗ്രേഷൻ ക്ലിയറൻസ് നിർബന്ധമാക്കി. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് മനസ്സിലാക്കി അത് മാറ്റുന്നതിനുവേണ്ടി ഗവൺമെന്റ് പരമാവധി ശ്രമിച്ചു ചെറിയ ഇളവ് മാത്രമേ ലഭിച്ചുള്ളൂ. 2015 മേയ് മാസം ഒന്നാം തീയതി മുതൽ ഏർപ്പെടുത്തിയ നിയന്ത്രണം മേയ് മാസം 30-ാം തീയതിവരെ നീട്ടി ഒരു മാസത്തേയ്ക്ക് ഇളവ് തന്നു. അതിനുശേഷം ഈ നിയമം കർക്കശമാക്കിയിരിക്കുകയാണ്. അതുകൊണ്ട് ഇവിടെനിന്നും ജോലിക്കു പോകുന്നവർക്ക് വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്. സംസ്ഥാന ഗവൺമെന്റ് പലവട്ടം കേന്ദ്ര ഗവൺമെന്റിൽ നിവേദനങ്ങൾ കൊടുക്കുകയും ഞാൻതന്നെ നേരിട്ട് അവിടെ റെപ്രസെന്റ് ചെയ്യുകയുമൊക്കെ ചെയ്തിട്ടുണ്ട്. പക്ഷെ അവർ നമ്മളോട് ഒരു ബദൽ സംവിധാനമുണ്ടാക്കാൻ പറഞ്ഞിരിക്കുകയാണ്. അങ്ങനെയൊരു ബദൽ സംവിധാനമുണ്ടാകണമെങ്കിൽ ആ രാജ്യങ്ങൾകൂടി സഹകരിക്കണം. കുവൈറ്റ് മാത്രമേ ഇപ്പോൾ നമ്മളുമായിട്ടുള്ള സഹകരണത്തിന് മുന്നോട്ടുവന്നിട്ടുള്ളൂ. ബാക്കിയുള്ളിടത്തൊക്കെ ചർച്ച നടക്കുന്നതേയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരംകൂടി ഉൾക്കൊണ്ടുകൊണ്ട് വീണ്ടും ഇതിനുള്ള ഇളവിനുവേണ്ടി ശ്രമിക്കുന്നതായിരിക്കും.

8. നഷ്ടപരിഹാരം

<u>ശ്രീ. എസ്. ശർമ്മ:</u> സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പ് ഫലം വന്നതിന്റെ പുലർച്ചെ ചെറായിയിൽ കഴിഞ്ഞ 35 വർഷക്കാലമായി പ്രവർത്തിച്ചുവരുന്ന മഹാനായ എ.കെ.ജി.-യുടെ നാമധേയത്തിലുള്ള വായനശാല ഒരുപറ്റം സാമൂഹ്യവിരുദ്ധർ തീ വച്ച് നശിപ്പിച്ചു ശബരിമല സീസണായതുകൊണ്ട് പൂജാസാമഗ്രികളൊക്കെ വിൽക്കുന്ന കടയും മറ്റൊരു സ്റ്റോറും ആ കെട്ടിടത്തിലുണ്ടായിരുന്നു. അവയെല്ലാം കത്തിനശിച്ചു. ഏകദേശം 10-12 ലക്ഷം രൂപയോളം നാശനഷ്ടം സംഭവിച്ചു. വായനശാല കത്തിയതറിഞ്ഞ് നാട്ടുകാരാകെ പ്രക്ഷുബ്ധമാവുകയും വലിയ പ്രതിഷേധവും ഹർത്താലും മറ്റുരൂപത്തിലുള്ള സമരമുറകളുമൊക്കെ ഉടർന്നുവരികയുമാണ്. അക്ഷരങ്ങളെ തീയിട്ട് ചുട്ടെരിക്കുന്ന സാംസ്കാരിക ശൂന്യൻമാരായിട്ടുള്ള ഒരുപറ്റം ക്രിമിനലുകളാണ് ഈ കുറ്റകൃത്യങ്ങൾ ചെയ്തിരിക്കുന്നതെന്നകാര്യം അവിടെയുള്ള പ്രവർത്തകർ പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടിയും സ്വീകരിച്ചുവരുന്നതായി കാണുന്നില്ല. എ.കെ.ജി.-യെപ്പോലുള്ള മഹാന്മാരുടെ നാമധേയത്തിലുള്ള വായനശാല കത്തിച്ച് നശിപ്പിച്ചുകഴിഞ്ഞാലുണ്ടാകാവുന്ന സ്വാഭാവികമായ വികാരവുംമറ്റും സർക്കാർ കണക്കിലെടുക്കണം. ഇക്കാര്യത്തിൽ ലോക്കൽ പോലീസ് അന്വേഷണം നടത്തി

LIBRARY ARCHIVES Kerala Legislative Assembly